11783
27/5/17

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വസ്തു നികുതി - വിമുക്ത ഭടൻ/വിമുക്ത ഭടന്റെ ഭാര്യ/വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന ഭവനങ്ങളെ വീട്ടുകരം (Property Tax) അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയത് - വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(കൈ) നം.106/17/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി, 26/5/2017.

വായന :

1. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 11/10/1966 ലെ എഫ് 14/26/64-എസ്റ്റാ (ഡി) നമ്പർ വിജ്ഞാപനം
2. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ 13/02/1969 ലെ 14/11/68-എസ്റ്റാ (ഡി)/എസ്റ്റാ (സി) നമ്പർ വിജ്ഞാപനം
3. കേന്ദ്ര ഉദ്യോഗസ്ഥ പരിഷ്കാരവകുപ്പിന്റെ 14/10/1971 ലെ 13/3/71 എസ്റ്റാ (ഡി) നമ്പർ വിജ്ഞാപനം
4. കേന്ദ്ര ഉദ്യോഗസ്ഥ ഭരണപരിഷ്കാരവകുപ്പിന്റെ 26/10/1974 ലെ 13/24/73-എസ്റ്റാ (ഡി) നമ്പർ വിജ്ഞാപനം
5. കേന്ദ്ര ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 15/12/79 ലെ 39016/10/79-എസ്റ്റാ (ഡി) നമ്പർ വിജ്ഞാപനം
6. കേന്ദ്ര ഉദ്യോഗസ്ഥ പരിശീലന വകുപ്പിന്റെ 14/4/87 ലെ OM No.36034/5/85 എസ്റ്റാ (SCT) നമ്പർ വിജ്ഞാപനം
7. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ 19/07/1989 ലെ OM/ 9(52)/88/ഡി(റെസി) നമ്പർ വിജ്ഞാപനം
8. കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെ 1/2/2006 ലെ OM No. 12/1/2015/D(റെസി) നമ്പർ വിജ്ഞാപനം
9. കേന്ദ്ര ഉദ്യോഗസ്ഥ പരിശീലന വകുപ്പിന്റെ 07/10/2002 ലെ 36034/1/2006 നമ്പർ വിജ്ഞാപനം
10. കേന്ദ്ര പ്രതിരോധ - വിമുക്തഭട വെൽഫയർ മന്ത്രാലയത്തിന്റെ 07/07/2014 ലെ 36034/1/2006 വിജ്ഞാപനം
11. 1.1.2005 ലെ സ.ഉ.(എം.എസ്)നം.3/2005/തസ്വഭവ നമ്പർ ഉത്തരവ്
12. 23.4.2005 ലെ സ.ഉ.(എം.എസ്)നം.111/2005/തസ്വഭവ നമ്പർ ഉത്തരവ്
13. 21.11.2005 ലെ സ.ഉ.(എം.എസ്)നം.344/2005/തസ്വഭവ നമ്പർ ഉത്തരവ്

14. 28.05.2008 ലെ സ.ഉ.(എം.എസ്)നം.146/2008/തസ്വഭവ നമ്പർ ഉത്തരവ്
15. 25.7.2008 ലെ സ.ഉ.(എം.എസ്)നം.212/2008/തസ്വഭവ നമ്പർ ഉത്തരവ്
16. 29.08.2009 ലെ സ.ഉ.(എം.എസ്)നം.171/2009/തസ്വഭവ നമ്പർ ഉത്തരവ്
17. 27.5.2010 ലെ സ.ഉ.(എം.എസ്)നം.1761/2010 /തസ്വഭവനമ്പർ ഉത്തരവ്
18. 2/7/2013 ലെ സ.ഉ.(എം.എസ്)നം.242/2013 /തസ്വഭവ നമ്പർ ഉത്തരവ്

## ഉത്തരവ്

സംസ്ഥാനത്തെ വിമുക്ത ഭടന്മാരെയും അവരുടെ ഭാര്യമാരെയും/വിധവകളെയും അവരുടെ യഥാർത്ഥ താമസത്തിനായി ഉപയോഗിക്കുന്ന വീട്ടുകളെ വീട്ടുകരം അടക്കുന്നതിൽ നിന്നും 2004-2005 അർദ്ധ വർഷം മുതൽ ഒഴിവാക്കി മുകളിൽ 11-ാമതായി വായിച്ച ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. ടി ഉത്തരവിന്റെ തുടർച്ചയായി ഈ വിഷയത്തിൽ പല ഭേദഗതികളും പരാമർശം 12 മുതൽ 18 വരെയുള്ള ഉത്തരവുകളിലൂടെ സർക്കാർ പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവുകളിലെ നിബന്ധനകളെ സംബന്ധിച്ച് സർക്കാരിൽ ലഭിച്ച വിവിധ പരാതികളുടെയും നിവേദനങ്ങളുടെയും അടിസ്ഥാനത്തിൽ വിമുക്തഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് അനുവദിച്ച നികുതി ഇളവു സംബന്ധിച്ച വ്യവസ്ഥകൾ താഴെപ്പറയുംപ്രകാരം പരിഷ്കരിച്ച് ഉത്തരവാകുന്നു.

1. മുകളിൽ ഒന്നുമുതൽ പത്തുവരെ വായിച്ച വിജ്ഞാപനങ്ങളിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതോ/കാലാകാലങ്ങളിൽ കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്നതോ ആയ ഉത്തരവിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ വിമുക്തഭടന്മാരും ഈ ആനുകൂല്യത്തിന് അർഹരാണ്. പ്രസ്തുത വിജ്ഞാപനത്തിലെ നിർവ്വചനത്തിൽ ഉൾപ്പെടാത്തവരും അനർഹരുമായ വ്യക്തികൾക്ക്(പാരാമിലിട്ടറി സർവ്വീസ് മുതലായ വിഭാഗം) പ്രസ്തുത ആനുകൂല്യം അനുവദിച്ചിട്ടുണ്ടെങ്കിൽ ആയത് ഉടനടി റദ്ദാക്കേണ്ടതാണ്.

2. കെട്ടിട നികുതി നിർണ്ണയിക്കുന്നതിനുള്ള തറ വിസ്തീർണ്ണം 2000 ച.അടി എന്നത് നിലനിർത്തേണ്ടതും എന്നാൽ 2000 ൽ കൂടുതലായി തറ വിസ്തീർണ്ണം വരുന്ന പക്ഷം കൂടുതലായി വരുന്ന തറ വിസ്തീർണ്ണത്തിനു മാത്രം അതാത് കാലത്ത് നിലവിലുള്ള നിയമപ്രകാരം നികുതി ഈടാക്കാവുന്നതുമാണ്.

3. കെട്ടിട നികുതി ഇളവ് ലഭ്യമാക്കുന്നതിന് ഓരോ വർഷവും അപേക്ഷ നൽകണമെന്ന വ്യവസ്ഥ ഒഴിവാക്കുന്നു. പകരം താഴെപ്പറയുന്ന മാതൃകയിൽ ഒരു സാക്ഷ്യപത്രം കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ മേധാവികൾക്ക് നൽകേണ്ടതാണ്.

4. കെട്ടിട നികുതി ഇളവിനായി പുതുതായി അപേക്ഷിക്കുന്നവർ അപേക്ഷയോടൊപ്പം താഴെപ്പറയുന്ന സാക്ഷ്യപത്രം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ മേധാവികൾക്ക് സമർപ്പിക്കേണ്ടതാണ്. തുടർന്ന് ഓരോ വർഷവും മുകളിൽ 3-ാമത്തെ വ്യവസ്ഥയിൽ പറയുന്ന രീതിയിലുള്ള സത്യവാങ്മൂലം നൽകേണ്ടതാണ്. തദ്ദേശസ്വയംഭരണ മേധാവികൾ കെട്ടിടനികുതി ഇളവ് അനുവദിച്ചാൽ ആയത് വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ് ബുക്കിൽ ഉത്തരവ് നമ്പർ, തീയതി എന്നിവ രേഖപ്പെടുത്തി സ്ഥാപനത്തിന്റെ മുദ്ര പതിപ്പിച്ച് നൽകേണ്ടതാണ്.

സാക്ഷ്യപത്രം

വിമുക്തഭടനായ/വിമുക്തഭടന്റെ ഭാര്യയായ/വിധവയായ, ........................ഗ്രാമപഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ/കോർപ്പറേഷനിൽ .................വാർഡിൽ ... ....................വീട്ടിൽ ശ്രീ.................... ന്റെ മകൻ/ഭാര്യ ................വയസ്സുള്ള .... ..........(പെൻഷൻ നമ്പർ........ & ആധാർ നമ്പർ ... ............................ )എന്ന ഞാൻ.........................ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ലെ ............വാർഡിലെ ..........നമ്പർ കെട്ടിടത്തിൽ സ്ഥിര താമസമാണെന്നും................................ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ സെക്രട്ടറിയുടെ ഉത്തരവ് പ്രകാരം ഞാൻ താമസിക്കുന്ന കെട്ടിടത്തിനെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കി നൽകണമെന്ന് അപേക്ഷിക്കുന്നു. അപ്രകാരം ലഭിക്കുന്ന ഉത്തരവിൽ നിഷ്കർഷിക്കുന്ന വ്യവസ്ഥകളിൽ നിന്നും ഞാൻ ഒരിക്കലും വ്യതിചലിക്കുകയില്ല എന്ന് ഉറപ്പ് നൽകുന്നു. എന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം താമസ ആവശ്യത്തിനല്ലാതെ മറ്റൊരാവശ്യത്തിനും ഉപയോഗിക്കുകയില്ലെന്നും ടി കെട്ടിടം ഏതെങ്കിലും സാഹചര്യത്തിൽ കൈമാറ്റം ചെയ്യപ്പെട്ടാൽ ആയത് യഥാസമയം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതാണെന്നും കൈമാറ്റം ചെയ്യപ്പെട്ട തീയതി മുതലുള്ള യഥാർത്ഥ നികുതി അടയ്ക്കുന്നതാണെന്നും ഉറപ്പുനൽകുന്നു. ഈ സത്യവാങ്മൂലത്തിനു വിരുദ്ധമായി ഏതെങ്കിലും വസ്തുതകൾ ബന്ധപ്പെട്ട അധികാരികൾ കണ്ടെത്തിയാൽ നിയമപ്രകാരമുള്ള നടപടി എനിക്കെതിരെ സ്വീകരിക്കുന്നതിന് എനിക്ക് സമ്മതമാണെന്നും ഉറപ്പ് നൽകുന്നു. ഈ സത്യവാങ്മൂലത്തിനു വിരുദ്ധമായി ഏതെങ്കിലും വസ്തുതകൾ ബന്ധപ്പെട്ട അധികാരികൾ കണ്ടെത്തിയാൽ എനിക്ക് അനുവദിക്കുന്ന ഉത്തരവ് സ്വമേധയാ റദ്ദാവുന്നതുമാണെന്നും സർക്കാരിന് നേരിട്ടിട്ടുള്ള നഷ്ടം എന്നിൽ നിന്നും ഈടാക്കുന്നതാണെന്ന ഉത്തമ വിശ്വാസത്തോടെയും ബോധ്യത്തോടെയും ഇതിനാൽ സമ്മതം നൽകുന്നു. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമപ്രകാരമുള്ള എന്തു നടപടിയും എനിക്കെതിരെ സ്വീകരിക്കുമെന്ന് എനിക്ക് ബോധ്യമുള്ളതാകുന്നു. എന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഏതെങ്കിലും സാഹചര്യത്തിൽ കൈമാറ്റം ചെയ്യപ്പെട്ടാൽ ആയത് യഥാസമയം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതാണെന്നും ഉറപ്പുനൽകുന്നു.

ഒപ്പ്

പേരും വിലാസവും

സാക്ഷികൾ:1.പേരും വിലാസവും ഒപ്പും

2.പേരും വിലാസവും ഒപ്പും

സ്ഥലവും തീയതിയും

<u>സാക്ഷ്യപത്രം</u>

വിമുക്തഭടനായ/വിമുക്തഭടന്റെ ഭാര്യയായ/വിധവയായ, ............................ഗ്രാമപഞ്ചായത്തിൽ/മുനിസിപ്പാലിറ്റിയിൽ/കോർപ്പറേഷനിൽ ..................വാർഡിൽ ... ..................വീട്ടിൽ ശ്രീ........................ ന്റെ മകൻ/ഭാര്യ ........ വയസ്സുള്ള .... ............(പെൻഷൻ ഓർഡർ നമ്പർ ..........& ആധാർ നമ്പർ...................)എന്ന ഞാൻ...........................ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ലെ .............വാർഡിലെ ..........നമ്പർ കെട്ടിടത്തിൽ സ്ഥിര താമസമാണെന്നും.......................ഗ്രാമപഞ്ചായത്ത് /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ സെക്രട്ടറിയുടെ ............ലെ .............നമ്പർ ഉത്തരവു പ്രകാരം ഞാൻ താമസിക്കുന്ന കെട്ടിടത്തിനെ കെട്ടിട നികുതിയിൽ നിന്നും ഒഴിവാക്കി ഉത്തരവായിട്ടുള്ളതുമാകുന്നു. പ്രസ്തുത ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകളിൽ നിന്നും ഞാൻ നാളിതുവരെ വ്യതിചലിട്ടില്ലാത്തതാകുന്നു. എന്റെ ഉടമസ്ഥതയിലുള്ള മറ്റൊരു കെട്ടിടത്തിനും ഈയിനത്തിൽ ഇളവ് ലഭിച്ചിട്ടില്ലാത്തതാകുന്നു. എന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഞാൻ നാളിതുവരെ താമസ ആവശ്യത്തിനല്ലാതെ മറ്റൊരാവശ്യത്തിനും ഉപയോഗിച്ചിട്ടില്ലാത്തതും കൈമാറ്റം ചെയ്തിട്ടില്ലാത്തതുമാകുന്നു. ഈ സത്യവാങ്മൂലത്തിനു വിരുദ്ധമായി ഏതെങ്കിലും വസ്തുതകൾ ബന്ധപ്പെട്ട അധികാരികൾ കണ്ടെത്തിയാൽ മുകളിൽ അനുവദിച്ചിട്ടുള്ള ഉത്തരവ് സ്വമേധയാ റദ്ദാവുന്നതുമാണെന്നും സർക്കാരിന് നേരിട്ടിട്ടുള്ള നഷ്ടം എന്നിൽ നിന്നും ഈടാക്കുന്നതാണെന്ന ഉത്തമ വിശ്വാസത്തോടെയും ബോധ്യത്തോടെയും ഈ സമ്മതപത്രം നൽകുന്നു. കൂടാതെ ഈ വിഷയവുമായി ബന്ധപ്പെട്ട് നിയമപ്രകാരമുള്ള എന്തു നടപടിയും എനിക്കെതിരെ സ്വീകരിക്കുമെന്ന് എനിക്ക് ബോധ്യമുള്ളതാകുന്നു. എന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം ഏതെങ്കിലും സാഹചര്യത്തിൽ കൈമാറ്റം ചെയ്യപ്പെട്ടാൽ ആയത് യഥാസമയം ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതാണെന്നും ഉറപ്പു നൽകുന്നു.

ഒപ്പ്

പേരും വിലാസവും

സാക്ഷികൾ: 1. പേരും വിലാസവും ഒപ്പും

2. പേരും വിലാസവും ഒപ്പും

സ്ഥലം,

തീയതി.

5. മുകളിൽ 18 -ാമതായി വായിച്ച സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരുന്നതും ഓരോ വർഷവും നികുതി ഇളവിന് അപേക്ഷ നൽകണമെന്നുമുള്ള വ്യവസ്ഥ പാലിക്കാതിരുന്നവരും ടി ഇളവിന് നിയമപ്രകാരം അർഹതയുള്ളവരുമായവർക്ക് ഈ വിഷയം ഒരു പ്രത്യേക കേസായി പരിഗണിച്ച് മാപ്പാക്കി ഉത്തരവാകുന്നു. ടി ഉത്തരവിലെ വ്യവസ്ഥ പാലിക്കാതിരുന്നതിന്റെ പേരിൽ സ്വീകരിക്കപ്പെട്ട എല്ലാ നിയമ നടപടികളും ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ മേധാവികൾ റദ്ദാക്കേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

6. കെട്ടിടനികുതിയിളവിന് അർഹരായ വിമുക്തഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/വിധവകൾക്ക് നികുതി സംബന്ധമായി ഒരു പ്രത്യേക രജിസ്റ്റർ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. കെട്ടിടനികുതി ഇളവ് അനുവദിക്കപ്പെട്ട കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് എന്തെങ്കിലും മാറ്റം വരുന്ന പക്ഷം ആയത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ യഥാസമയം ഗുണഭോക്താക്കൾ അറിയിക്കേണ്ടതും പ്രസ്തുത വിവരം ഇതുമായി ബന്ധപ്പെട്ട രജിസ്റ്ററിലെ അനുയോജ്യമായ കോളത്തിൽ/പേജിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

7. വിമുക്തഭടന്മാർക്ക് അനുവദിച്ചിട്ടുള്ള കെട്ടിടനികുതി ഇളവ് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് കണ്ടെത്തിയാൽ പ്രസ്തുത വിവരം ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഇളവ് നൽകി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവ് റദ്ദാക്കേണ്ടതും അപ്രകാരം സർക്കാരിനുണ്ടാകുന്ന നഷ്ടം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ ക്രമപ്രകാരം ഈടാക്കേണ്ടതുമാണ്. ഭാവിയിൽ ടിയാന് ഈയിനത്തിലുള്ള യാതൊരുവിധ ഇളവിനും അർഹതയുണ്ടായിരിക്കുന്നതുമല്ല. ഇത്തരത്തിലുള്ള നടപടി ഉണ്ടായാൽ അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്തം നികുതിയിളവ് ലഭിക്കപ്പെട്ടയാളിൽ നിക്ഷിപ്തമായിരിക്കുന്നതുമാണ്. പ്രസ്തുത വിവരം നികുതി ഇളവ് സംബന്ധിച്ച ഉത്തരവിൽ വിവക്ഷിക്കേണ്ടതുമാണ്.

8. വസ്തു നികുതിയിളവ് അനുവദിച്ചത് സംബന്ധിച്ച് അതാത് പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർമാർ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രത്യേക പരിശോധന നടത്തുകയും അതുമായി ബന്ധപ്പെട്ട രജിസ്റ്ററിൽ പരിശോധനാ കുറിപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. ഓരോ സാമ്പത്തിക വർഷവും ഏപ്രിൽ മാസം 30-ാം തീയതിക്കകം അതാത് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർക്കും നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും റിപ്പോർട്ട് നൽകേണ്ടതാണ്. പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർമാർ, നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർ എന്നിവർ ഓരോ വർഷവും മേയ് മാസം 15-ാം തീയതിക്കു മുമ്പ് ഇത് സംബന്ധിച്ച റിപ്പോർട്ട് യഥാക്രമം ബന്ധപ്പെട്ട പഞ്ചായത്ത് ഡയറക്ടർക്കും നഗരകാര്യ ഡയറക്ടർക്കും നൽകേണ്ടതാണ്.

9. മേൽപറഞ്ഞ വ്യവസ്ഥകൾ എല്ലാ തദ്ദേശസ്വയംഭരണ മേധാവികളും കർശനമായി പാലിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

എൻ. വിശ്രുതൻ ആചാരി
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
എല്ലാ മേയർമാർക്കും/ചെയർമാൻമാർക്കും/നഗരകാര്യ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും/സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, സൈനിക വെൽഫയർ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ചെയർമാൻ/മാനേജിംഗ് ഡയറക്ടർ, കേരള വിമുക്തഭട വികസന കോർപ്പറേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പൊതുഭരണ (സൈനിക ക്ഷേമം) വകുപ്പ്
പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്
(വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്)
പൊതുഭരണ (കോ-ഓർഡിനേഷൻ) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, തിരുവനന്തപുരം
(പത്രമാദ്ധ്യമങ്ങളിലൂടെ ആവശ്യമായ പബ്ലിസിറ്റിക്ക്)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം/അയയ്ക്കുന്നത്
സെക്ഷൻ ഓഫീസർ